**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2732** **22-01-2021 - ൽ മറുപടിയ്ക്ക്**

**വനാതിർത്തികളിലെ വന്യമൃഗശല്യം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി കെ അബ്ദു റബ്ബ് ,<br>പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ ,<br>ശ്രീ എൻ. എ. നെല്ലിക്കുന്ന് ,<br>ശ്രീ . ടി . എ . അഹമ്മദ് കബീർ** | | **Shri. K Raju<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി)** | |
| (എ) | വനാതിർത്തികളിലെ വന്യമൃഗശല്യത്തിന് പരിഹാരമായി സോളാർ, റെയിൽ വേലികൾ, കിടങ്ങുകൾ എന്നിവ നിർമ്മിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; | (എ) | വനാതിർത്തികളിലെ വന്യമൃഗശല്യത്തിന് പരിഹാരമായി സോളാർ റെയിൽ വേലികൾ നിർമ്മിക്കുന്നതിന്, കിഫ്ബി മുഖേന, സംസ്ഥാനവനം വകുപ്പ് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. |
| (ബി) | ഇതിനാവശ്യമായ ഫണ്ട് എപ്രകാരമാണ് കണ്ടെത്തിയിരിക്കുന്നത്; | (ബി) | കിഫ്ബി മുഖേനയാണ് ഇതിന് ആവശ്യമായ ഫണ്ട് കണ്ടെത്തിയിരിക്കുന്നത്. |
| (സി) | വേലികൾ നിലവാരമില്ലാത്തവയാണെന്ന ആക്ഷേപത്തിൻമേൽ അന്വേഷണം നടത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ? | (സി) | വയനാട് വൈൽഡ് ലൈഫ് ഡിവിഷനിൽ മുടക്കൊല്ലി മുതൽ സത്രംകുന്ന് വരെ 10 കി.മീ. റെയിൽ ഫെൻസിംഗ് പ്രവർത്തികൾ നടന്നു വരുന്നു. ഈ പ്രവർത്തി കിഫ്ബി ഫണ്ട് ഉപയോഗിച്ചാണ് നടത്തി വരുന്നത്. ഈ പ്രവർത്തിയിൽ അപാകത ചൂണ്ടിക്കാട്ടി പരാതികൾ ലഭിച്ചിട്ടുണ്ടെങ്കിലും വനം വകുപ്പിലെ വിജിലൻസ് വിഭാഗം പരിശോധന നടത്തിയതിൽ റെയിൽ ഫെൻസിംഗിൽ അപാകത ഒന്നും കണ്ടെത്തിയിട്ടില്ല. വനം വകുപ്പിലെ വിവിധ ഫോറസ്റ്റ് ഡിവിഷനുകളിൽ നടപ്പാക്കിക്കൊണ്ടിരിക്കുന്ന സോളാർ വൈദ്യുതിവേലികളുടെ ഗുണനിലവാരം സംബന്ധിച്ച് ലഭിച്ച പരാതിയിന്മേൽ വനം-വിജിലൻസ് വിഭാഗത്തിന്റെ അന്വേഷണം നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ